# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3791 17.12.2015 ന് മറുപടിയ്ക്ക്.

## കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീക്ഷണിയാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യകതമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജവേലി, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിക്കുകയും, പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും, കൂടുതൽ കാലത്തേക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. വനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വനത്തിന് സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബോധവൽക്കരണം, ജാഗ്രത നിർദ്ദേശങ്ങൾ മുതലായവ നൽകുന്നതിനായി ക്യാമ്പുകൾ നടത്താറുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളേയും, മറ്റ് വന്യമൃഗങ്ങളേയും വനത്തിലേക്ക് തന്നെ കയറ്റി വിടുന്നതിനും മറ്റുമായി റാപിഡ് റെസ്പോൺസ് ടീം, ആദിവാസി വാച്ചർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജ വേലി, എലിഫന്റ് പ്രൂഫ് വാൾ മുതലായവയുടെ കാര്യക്ഷമമായ പ്രവർത്തനം ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫുകളും, വനസംരക്ഷണ സമിതി അംഗങ്ങളും, വനജാഗ്രത സമിതി അംഗങ്ങളും പരിശോധന നടത്തി ഉറപ്പു വരുത്തുകയും ഇവയ്ക്ക് വർഷാവർഷങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യാറുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതും മനുഷ്യരെയും മൃഗങ്ങളെയും ആക്രമിച്ചതുമായി ബന്ധപ്പെട്ട എത്ര പരാതികൾ ലഭിച്ചു എന്ന് അറിയിക്കുമോ; പരാതികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 434 |
| 2 | കൊല്ലം | 489 |
| 3 | പത്തനംതിട്ട | 395 |
| 4 | ആലപ്പുഴ | 89 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 940 |
| 7 | എറണാകുളം | 355 |
| 8 | തൃശ്ശൂർ | 665 |

| | | |
|---|---|---|
| 9 | പാലക്കാട് | 2101 |
| 10 | മലപ്പുറം | 1508 |
| 11 | കോഴിക്കോട് | 1058 |
| 12 | വയനാട് | 18567 |
| 13 | കണ്ണൂർ | 3233 |
| 14 | കാസർഗോഡ് | 968 |

(സി) ഈ സർക്കാരിന്റെ കാലത്ത് ഒരോ ജില്ലയിലും എത്ര രൂപയുടെ നഷ്ടം ഇത്തരത്തിൽ ഉള്ളതായി അറിയിക്കുമോ;

(സി)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 7400673 |
| 2 | കൊല്ലം | 922094 |
| 3 | പത്തനംതിട്ട | 5117370 |
| 4 | ആലപ്പുഴ | 3219365 |
| 5 | കോട്ടയം | 5000 |
| 6 | ഇടുക്കി | 5652807 |
| 7 | എറണാകുളം | 6571735 |
| 8 | തൃശ്ശൂർ | 9115568 |
| 9 | പാലക്കാട് | 50618086 |
| 10 | മലപ്പുറം | 226822 |
| 11 | കോഴിക്കോട് | 11050000 |
| 12 | വയനാട് | 149650200 |
| 13 | കണ്ണൂർ | 35664244 |
| 14 | കാസർഗോഡ് | 13844465 |

(ഡി) കൃഷിയ്ക്കും ജീവനും സ്വത്തിനും വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 6464244 |
| 2 | കൊല്ലം | 1666838 |
| 3 | പത്തനംതിട്ട | 3974370 |
| 4 | ആലപ്പുഴ | 3219365 |
| 5 | കോട്ടയം | 5000 |
| 6 | ഇടുക്കി | 6085701 |
| 7 | എറണാകുളം | 6573408 |
| 8 | തൃശ്ശൂർ | 14848227 |
| 9 | പാലക്കാട് | 31368986 |
| 10 | മലപ്പുറം | 15020085 |
| 11 | കോഴിക്കോട് | 9838340 |
| 12 | വയനാട് | 111079718 |
| 13 | കണ്ണൂർ | 33484244 |
| 14 | കാസർഗോഡ് | 13299790 |

(ഇ) നഷ്ടപരിഹാരത്തിന് അപേക്ഷിച്ച ആർക്കെങ്കിലും ഇത് നല്കാനുണ്ടോ;എങ്കിൽ അവരുടെ പേരുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; നഷ്ടപരിഹാരം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാനാകുമെന്ന് അറിയിക്കുമോ?

(ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ